# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5708 02.07.2019 ൽ മറുപടിയ്ക്ക്

## എടപ്പറ്റയിൽ വന്യമൃഗങ്ങളുടെ ശല്യം

| ചോദ്യം<br>ശ്രീ. എം.ഉമ്മർ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സൈലന്റ്‌വാലി നാഷണൽ പാർക്ക് ബഫർ സോണിൽ നിന്നും ഇറങ്ങുന്ന കാട്ടാനകൾ കാളികാവ് റെയിഞ്ച് പരിധിയിലെ പറയൻമേട് നിക്ഷിപ്ത വനഭൂമിയിൽ തമ്പടിക്കുകയും അവിടെ നിന്ന് എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ വരുന്ന വനാതിർത്തിയോട് ചേർന്ന ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷിനാശം ഉണ്ടാക്കുന്നുമുണ്ട്. |
| (ബി) | പ്രസ്തുത ആക്രമണം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ജനവാസ മേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് പരിഹരിക്കുന്നതിനായി മൂന്ന് കിലോമീറ്ററോളം സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ഇത്തരം കാട്ടാനകളെ കാട്ടിലേക്ക് തിരികെ അയയ്ക്കുന്നതിനായി ദിവസവേതന ജോലിക്കാരെ നിയോഗിച്ച് വരികയും ചെയ്യുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ നടത്തിയ വിവിധ പ്രവൃത്തികളുടെ ലിസ്റ്റും ചെലവഴിച്ച തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ജനവാസ വനമേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് തടയുന്നതിനായി മുനാടി മുതൽ വീട്ടിക്കുന്ന വരെ മൂന്ന് കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗ് ചെയ്യുന്നതിന് 5,08,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ